# പൊന്നിൻചിങ്ങം വരവായി

പുതുവർഷപ്പിറവിയായി ചിങ്ങമാസം എത്തിയിരിക്കുന്നു. ദിനചര്യകൊണ്ടും ഔഷധസേവകൊണ്ടും തേജസ്സാർന്ന ശാരീരികാരോഗ്യവും അദ്ധ്യാത്മരാമായണചിന്തമൂലം കൈവരുന്ന ആത്മീയസൗഖ്യവും പ്രദാനം ചെയ്ത് കർക്കിടകമാസം വിടവാങ്ങുന്നു. വർഷകാലത്തിന്റെ ക്ലേശങ്ങളൊഴിഞ്ഞ് പ്രകൃതിയും മനുഷ്യജീവിതവും കൂടുതൽ പ്രസന്നമാകുന്ന കാലം. മാറുന്ന കാലത്തിനനുസരിച്ച്, ഋതുക്കളിൽ വരുന്ന മാറ്റത്തിനുസരിച്ച് ക്രമീകരിക്കപ്പെട്ടതാണ് നമ്മുടെ സാമൂഹിക ജീവിതം.

ചിങ്ങമാസം കേരളീയരുടെ ദേശീയോത്സവമായ തിരുവോണത്തിന്റെ സന്തോഷഭരിതമായ മുഹൂർത്തങ്ങളാണ് സംഭാവന ചെയ്യുന്നത്. പൊയ്പ്പോയ ഒരു സുവർണകാലത്തിന്റെ മധുരസ്മൃതികളും വരാനിരിക്കുന്ന ഒരു സുന്ദരലോകത്തെക്കുറിച്ചുള്ള പ്രതീക്ഷയും ഓണസങ്കല്പങ്ങളിൽ നിറയുന്നു. അസുരചക്രവർത്തിയായ മഹാബലിയുടെ ത്യാഗസമ്പൂർണ്ണമായ ജീവിതവും വാമനാവതാരമഹിമയും ഓണസ്മൃതികളെ സമ്പന്നമാക്കുന്നു.

'മാലോകരെല്ലാരുമൊന്നുപോലെ' എന്ന തിരുവോണത്തിന്റെ അടിസ്ഥാനദർശനം മലയാളിയെ ലോകമാകെ ഒന്നായി കാണുവാൻ പഠിപ്പിച്ചു. ഒരുമയുടെ, ഐക്യത്തിന്റെ മഹാസന്ദേശം ഓണം വിളംബരം ചെയ്യുന്നു. കുടുംബത്തിലും സമൂഹത്തിലും രാജ്യത്തിലും ലോകമാകെത്തന്നെയും ഐശ്വര്യം സംജാതമാകുന്നത് ഒരുമയുണ്ടാകുമ്പോഴാണ്. ഒരുമയാണ് പെരുമയെന്ന് ഓണക്കാലം നമ്മെ ഓർമ്മിപ്പിക്കുന്നു.

ചിങ്ങം ഒന്ന് കേരളത്തിന് കർഷകദിനം കൂടിയാണ്. ഐശ്വര്യവും സമൃദ്ധിയും നിറയുന്ന നാളുകളിലേക്ക് മലയാളികൾ പ്രതീക്ഷയോടെ കാൽവെക്കുന്ന ദിവസം.

ഓണം കാർഷികോത്സവമാണ്. കേരളീയരെ സംബന്ധിച്ച് കൃഷി ഒരു ജീവിതരീതിയായിരുന്ന കാലം കടന്നുപോയെങ്കിലും ഓണക്കാലം കാർഷികവൃത്തിയുടെ നന്മയും മഹത്വവും ഉദ്ഘോഷിക്കുന്നു. കാർഷികോല്പന്നങ്ങളുടെ വിളവെടുപ്പുത്സവംകൂടിയാണ് ഓണം. കാർഷികവിഭവങ്ങളുടെ സമൃദ്ധിയും അതിലൂടെ കൈവരുന്ന ജീവിതാനന്ദവും ഓണക്കാഴ്ചകളിൽ ദർശിക്കാനാവും.

പ്രകൃതിയെ പരിപാലിക്കേണ്ടതിന്റെയും പ്രകൃതിയോടിണങ്ങി ജീവിക്കേണ്ടതിന്റെയും ആവശ്യകത നാൾക്കുനാൾ വർദ്ധിച്ചുവരുന്ന വർത്തമാനകാലത്ത് മനുഷ്യസൗഖ്യം നിലനില്ക്കുന്നത് പ്രകൃതിയുടെ സുസ്ഥിതിയിലാണെന്ന് ഓരോ ഓണക്കാലവും നമ്മെ പഠിപ്പിക്കുന്നു.

പല നിറങ്ങളുള്ള, വിവിധ സുഗന്ധങ്ങളുള്ള നാനാജാതി പൂക്കളുടെ ഹൃദയഹാരിയായ സമന്വയത്തിന്റെ നേർക്കാഴ്ചയാണ് ഓണക്കാലത്ത് അത്തം മുതൽ തിരുവോണം വരെയുള്ള നാളുകളിൽ നമ്മുടെ ഗൃഹാങ്കണങ്ങളെ അലംകൃതമാക്കുന്ന പൂക്കളങ്ങൾ. എല്ലാ ജീവജാലങ്ങൾക്കും സുഖം കാംക്ഷിക്കുന്ന പ്രകൃതിയുടെ ഉത്സവമാണ് ഓണം. അതിനാൽ പൂക്കളുടെ ഉത്സവമായ ഓണം കേരളത്തിന്റെ വസന്തോത്സവമാകുന്നു.

പോയകാലത്തിന്റെ നന്മ നിറഞ്ഞ ഓർമ്മകളിൽ അഭിരമിക്കുവാനും, വരാനിരിക്കുന്ന നല്ല കാലത്തെക്കുറിച്ചുള്ള പ്രതീക്ഷകളിൽ മനസ്സർപ്പിക്കുവാനും അതിലൂടെ വർത്തമാനകാലസമസ്യകളെ അതിജീവിക്കുവാനുള്ള കരുത്താർജ്ജിക്കുവാനും തിരുവോണസ്മൃതികൾ നമുക്കു തുണയാകട്ടെ.